1. ലോക ബാങ്കിന് വായ്പ തിരിച്ചടയ്ക്കുന്നത് കേന്ദ്രസർക്കാരാണ്.

2. വായ്പതുക 2011 ഏപ്രിൽ 1-നും 2035 ഒക്ടോബർ 1-നും ഇടയിൽ അർദ്ധ വാർഷിക ഗഡുക്കളായി ഏപ്രിൽ 1, ഒക്ടോബർ 1 എന്നീ തീയതികളിൽ അടയ്ക്കേണ്ടതാണ്.

3. 2020 ഒക്ടോബർ 1 വരെയുള്ള തവണകളിൽ ആകെ വരിക്കുന്ന വായ്പയുടെ 1.25% വീതവും അതിനുശേഷമുള്ള തവണകളിൽ 2.5% വീതവുമായിരിക്കും തിരിച്ചടയ്ക്കേണ്ടത്.

4. പ്രസ്തുത വായ്പയ്ക്ക് പലിശ ഈടാക്കുന്നില്ല. എന്നാൽ വായ്പയുടെ 0.5% കമ്മിറ്റ്മെന്റ് ചാർജ്ജും 0.75% സർവ്വീസ് ചാർജ്ജും നൽകേണ്ടതാണ്.

5. കമ്മിറ്റ്മെന്റ് ചാർജ്ജും സർവ്വീസ് ചാർജ്ജും ഓരോ വർഷവും ഏപ്രിൽ 1-നും ഒക്ടോബർ 1-നും അർദ്ധവാർഷിക തവണകളായി നൽകേണ്ടതാണ്.

6. സംസ്ഥാന സർക്കാരിന് കേന്ദ്രസർക്കാരിൽ നിന്നും അധിക കേന്ദ്ര സഹായമായി ലഭിക്കുന്ന പ്രസ്തുത സഹായം അതുമായി ബന്ധപ്പെട്ട വ്യവസ്ഥകൾക്കനുസരിച്ച് സംസ്ഥാന സർക്കാർ കേന്ദ്രസർക്കാരിന് തിരിച്ചട യ്ക്കേണ്ടതാണ്.

(ഇ) ചുമതലപ്പെടുത്തിയിട്ടില്ല.

ജപ്പാൻ കുടിവെള്ള പദ്ധതി

77 [1907] *ശ്രീ. ടി. യു. രാധാകൃഷ്ണൻ:*
" *പ്രയാർ ഗോപാലകൃഷ്ണൻ:*
" *കെ. മോഹൻകുമാർ:*
" *വൃന്ദ ലൂയിസ്:*
" വി. ജെ. പൗലോസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജപ്പാൻ കുടിവെള്ള പദ്ധതിയനുസരിച്ച് വരിക്കുന്ന തുക കൊണ്ട് ഏതെല്ലാം ശുദ്ധജല വിതരണ പദ്ധതികളാണ് ആരംഭിക്കുന്നത്;

(ബി) ഇവയുടെ പണി ഇപ്പോൾ ഏതു ഘട്ടത്തിലാണ്;

(സി) ഇവയുടെ പണി എന്നത്തേക്ക് പൂർത്തിയാക്കാമെന്നാണ് കരുതുന്നത്;

(ഡി) നിശ്ചിത പരിപാടി പ്രകാരം ഓരോ ഘട്ടത്തിലും ഇവയുടെ പണി പൂർത്തിയാകുന്നുണ്ടോ എന്നുറപ്പുവരുത്തുവാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

GPM. 2/566/2012—16

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ജപ്പാൻ കുടിവെള്ള പദ്ധതിയനുസരിച്ച് തിരുവനന്തപുരം നഗരത്തിനും പ്രാന്തപ്രദേശങ്ങൾക്കുമുള്ള വാട്ടർ സപ്ലൈ ഇംപ്രൂവ്മെന്റ് പദ്ധതി, മീനാടിനും സമീപ ഗ്രാമങ്ങൾക്കുമുള്ള സമഗ്ര ശുദ്ധജല വിതരണ പദ്ധതി, ചേർത്തലയ്ക്കും സമീപ ഗ്രാമങ്ങൾക്കുമുള്ള സമഗ്ര ശുദ്ധജല വിതരണ പദ്ധതി, കോഴിക്കോട് നഗരത്തിനും പ്രാന്തപ്രദേശങ്ങൾക്കുമുള്ള വാട്ടർ സപ്ലൈ ഇംപ്രൂവ്മെന്റ് പദ്ധതി, പട്ടുവത്തിനും സമീപ ഗ്രാമങ്ങൾക്കുമുള്ള സമഗ്ര ശുദ്ധജല വിതരണ പദ്ധതി എന്നീ അഞ്ച് ശുദ്ധജല വിതരണ പദ്ധതികളാണ് നടപ്പിലാക്കുന്നത്.

(ബി) അഞ്ച് പദ്ധതികളുടെയും വിവിധ സർവ്വേകൾ, ഡിസൈനുകൾ തയ്യാറാക്കൽ, ടെണ്ടറുകൾക്ക് വേണ്ടിയുള്ള പ്രീ-ക്വാളിഫിക്കേഷൻ മുതലായവ പൂർത്തിയാക്കുകയും ടെണ്ടർ നടപടികൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്.

(സി) 2007 ആഗസ്റ്റ് മാസത്തോടെ പൂർത്തിയാക്കാനാണ് ലക്ഷ്യമിട്ടിട്ടുള്ളത്.

(ഡി) പദ്ധതിയുടെ പ്രവർത്തന പുരോഗതി കേരള വാട്ടർ അതോറിറ്റി ബോർഡ് മാസംതോറും അവലോകനം ചെയ്യുന്നു. പദ്ധതിക്കാവശ്യമായ ഫണ്ട് ബഡ്ജറ്റ് പ്രകാരം ലഭ്യമാക്കുന്നതിന് സർക്കാർ തലത്തിൽ ഒരു കമ്മിറ്റിയെ നിയോഗിച്ചിട്ടുണ്ട്. ചീഫ് സെക്രട്ടറി ചെയർമാനായ ഒരു എംപവേർഡ് കമ്മിറ്റി നിലവിലുണ്ട്. കൂടാതെ പദ്ധതിസംബന്ധമായ അവലോകനം നടത്തിവരുന്നു.

വൈക്കം ഓഗ്മെന്റേഷൻ പദ്ധതി

78 [1908] *ശ്രീ. പി. നാരായണൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) വൈക്കം താലൂക്കിലെ രൂക്ഷമായ കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിനായി രൂപംനൽകിയിട്ടുള്ള വൈക്കം ഓഗ്മെന്റേഷൻ പദ്ധതിയുടെ നിർമ്മാണ പ്രവർത്തനങ്ങൾ ഇപ്പോൾ ഏത് ഘട്ടത്തിലാണെന്നറിയിക്കുമോ;

(ബി) ഈ പദ്ധതിയുടെ ഭാഗമായ കിണറിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ കോൺട്രാക്ടറുടെ അനാസ്ഥമൂലം ശരിയായിനടക്കുന്നില്ലായെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;